പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1668 | 15.02.2016 ൽ മറുപടിയ്ക്ക് |
|---|---|
| **ഷീ -ടാക്സി പദ്ധതി** | |
| ചോദ്യം | ഉത്തരം |
| **ശ്രീ. കോടിയേരി ബാലകൃഷ്ണൻ** | **ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) ഷീ-ടാക്സി പദ്ധതി പ്രകാരം വാഹനം വാങ്ങുന്നതിന് വായ്പ ലഭ്യമാക്കുന്നത് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ്; | (എ) കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷനാണ് ഷീ-ടാക്സി പദ്ധതിയുടെ ഔദ്യോഗിക വായ്പ വിതരണക്കാർ. എന്നാൽ വായ്പ വിതരണത്തിനുള്ള വനിതാ വികസന കോർപ്പറേഷന്റെ മാനദണ്ഡങ്ങൾ പാലിക്കാൻ സാധിക്കാത്ത ഗുണഭോക്താക്കൾക്ക് അവരുടെ താൽപര്യാർത്ഥം ബാങ്കുകൾ ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുക്കാവുന്നതാണ്. |
| (ബി) പ്രസ്തുത പദ്ധതി പ്രകാരം വായ്പ നൽകുന്നത് ഏത് പലിശനിരക്കിലാണ്; | (ബി) നിലവിൽ 8% പലിശ നിരക്കിലാണ് വനിതാ വികസന കോർപ്പറേഷൻ ഷീ- ടാക്സിയ്ക്ക് വായ്പ ലഭ്യമാക്കുന്നത്. |
| (സി) ഇതിന്റെ സംരംഭകർക്ക് വായ്പാ തിരിച്ചടവിൽ സബ്സിഡി ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ; | (സി) ഇതിന്റെ സംരംഭകർക്ക് വായ്പ തിരിച്ചടവിൽ നിലവിൽ സബ്സിഡി നൽകുന്നില്ല. |
| (ഡി) പ്രസ്തുത പദ്ധതി നടത്തിപ്പ് പൂർണ്ണമായും സർക്കാരിന്റെ നിയന്ത്രണത്തിലാണോ എന്ന് വ്യക്തമാക്കാമോ? | (ഡി) പ്രസ്തുത പദ്ധതി ട്രാവൻകൂർ കൊച്ചിൻ ലിറ്ററസി സൈന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, 1955 പ്രകാരം സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സൊസൈറ്റിയായ ജെന്റർ പാർക്കിന്റെ നിയന്ത്രണത്തിലാണ്. |

സെക്ഷൻ ഓഫീസർ